**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2875** | 06.11.2019 ൽ മറുപടിയ്ക്ക്

## ചവറയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ

*ചോദ്യം*
ശ്രീ.വി.എസ്.ശിവകുമാർ

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ ; നിലവിൽ ഏതൊക്കെ കോഴ്സുകളാണ് അവിടെ നടത്തുന്നത്; | **(എ)** സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ ചവറയിൽ IIIC (ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ) പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഐ.ടി.ഐ / ഡിപ്ലോമ / എൻജിനീയറിംഗ് ബിരുദം / മറ്റ് സാങ്കേതിക യോഗ്യതകൾ എന്നിവ കൈവരിച്ച വിദ്യാർത്ഥികൾക്ക് നൈപുണ്യശേഷി പരിശീലിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും അതിലൂടെ തൊഴിൽ കണ്ടെത്തുന്നതിനു പ്രാപ്തരാക്കുന്ന വിവിധ പഠന കോഴ്സുകൾ നടത്തി വരുന്നു. കോഴ്സുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| **(ബി)** പ്രസ്തുത സ്ഥാപനത്തിൽ എത്ര വിദ്യാർത്ഥികളുണ്ട്; | **(ബി)** നിലവിൽ 378 വിദ്യാർത്ഥികൾ പരിശീലനം നടത്തി വരുന്നു. |
| **(സി)** ഈ സ്ഥാപനത്തിന്റെ മാതൃകയിൽ ചാത്തന്നൂരിൽ മറ്റൊരു അക്കാഡമി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്; | **(സി) യും (ഡി) യും** ഉദ്ദേശിക്കുന്നില്ല. കൊല്ലം ജില്ലയിലെ ചാത്തന്നൂർ പഞ്ചായത്തിലെ മീനാട് വില്ലേജിൽ കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലത്ത്, നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ, അവരുടെ |

| | | |
|---|---|---|
| **(ഡി)** നിലവിൽ ചവറയിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിൽപോലും മതിയായ വിദ്യാർത്ഥികൾ ഇല്ലാതിരിക്കെ പുതിയ അക്കാഡമി സ്ഥാപിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | | ആശ്രിതർ, തൊഴിലുടമകൾ, കോൺട്രാക്ടർമാർ, സൂപ്പർവൈസർമാർ എന്നിവർക്ക് ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്നതിനായുള്ള പരിശീലന അക്കാഡമി സ്ഥാപിക്കുന്ന പദ്ധതി പരിശോധിച്ചു വരുന്നു. ചവറയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തന പദ്ധതിയും ചാത്തന്നൂരിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന അക്കാഡമിയുടെ പ്രവർത്തന പദ്ധതിയും വ്യത്യസ്ഥങ്ങളാണ്. ചവറയിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ 250 വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കുന്നതിനുള്ള ഹോസ്റ്റൽ ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യമാണ് ഒരുക്കിയിരുന്നത്. എന്നാൽ ഇപ്പോൾ വിദ്യാർത്ഥികളുടെ ബാഹുല്യം കാരണം ബാച്ചുകൾ കൂട്ടുന്നതിനും, കാമ്പസിന് വെളിയിൽ ഹോസ്റ്റൽ സൗകര്യവും ഒരുക്കിയാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | കോഴ്സ് |
| --- | --- |
| ഇതിനോടകം ക്ലാസ്സുകൾ ആരംഭിച്ച കോഴ്സുകൾ | |
| 1 | പി.ജി. ഡിപ്ലോമ ഇൻ അഡ്വാൻസ്ഡ് കൺസ്ട്രക്ഷൻ മാനേജ്മെന്റ് |
| 2 | പി.ജി. ഡിപ്ലോമ ഇൻ അർബൻ പ്ലാനിംഗ് ഡിസൈൻ |
| 3 | അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഡേറ്റാസെന്റർ ഇൻസ്റ്റലേഷൻ |
| 4 | പി.ജി. ഡിപ്ലോമ ഇൻ റീറ്റെയിൽ മാനേജ്മെന്റ് |
| 5 | ഗ്രാജ്വേറ്റ്ഷിപ്പ് പ്രോഗ്രാം ഫോർ എഞ്ചിനീയറിംഗ് ഗ്രാജ്വേറ്റ്സ് (കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്) |
| 6 | ഗ്രാജ്വേറ്റ്ഷിപ്പ് പ്രോഗ്രാം ഫോർ എഞ്ചിനീയറിംഗ് ഗ്രാജ്വേറ്റ്സ് (മെക്കാനിക്കൽ എഞ്ചിനീയറിംഗ്) |
| 7 | സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ എസ്.ടി.പി / ഡബ്ല്യൂ.ടി.പി ഓപ്പറേറ്റർ |
| 8 | സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പെയിന്റിംഗ് & ഫിനിഷിംഗ് |
| 9 | അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ബാർ ബെൻഡിംഗ് ആന്റ് സ്റ്റീൽ ഫിക്സിംഗ് |
| 10 | അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് |
| 11 | അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്ലംബിംഗ് എഞ്ചിനിയറിംഗ് |
| 12 | സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഡേറ്റാസെന്റർ ഇൻസ്റ്റലേഷൻ |
| 13 | സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ജി.പി.എസ് / ജി.ഐ.എസ് |
| 14 | ഗ്രാജ്വേറ്റ്ഷിപ്പ് പ്രോഗ്രാം ഫോർ എഞ്ചിനിയറിംഗ് ഗ്രാജ്വേറ്റ്സ് (സിവിൽ എഞ്ചിനിയറിംഗ്) |
| 15 | പി.ജി. ഡിപ്ലോമ ഇൻ ഇന്റീരിയർ ഡിസൈൻ ആന്റ് കൺസ്ട്രക്ഷൻ |
| 16 | പി.ജി. ഡിപ്ലോമ ഇൻ ഡേറ്റ അനലിറ്റിക്സ് |
| 17 | സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ റോഡ് കൺസ്ട്രക്ഷൻ മെഷീൻ ഓപ്പറേറ്റർ |
| 18 | പി.ജി. ഡിപ്ലോമ ഇൻ ഫെസിലിറ്റീസ് & കോൺട്രാക്ട് മാനേജ്മെന്റ് |
| ക്ലാസ്സുകൾ ആരംഭിക്കാനുള്ള കോഴ്സുകൾ | |
| 19 | അഡ്വാൻസ്ഡ് സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഹൗസ് കീപ്പിംഗ് |
| 20 | സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ സ്കഫോൾഡിംഗ് ഓപ്പറേറ്റർ |

(ഒപ്പ്)

സെക്ഷൻ ഓഫീസർ